**പതിന്നാലാം കേരള നിയമസഭ**

**നാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3681 14.03.2017-ൽ മറുപടിക്ക്**

**ഡോക്ടർമാർ നൽകുന്ന കുറിപ്പടികൾ**

| ചോദ്യം<br>ശ്രീ.കെ.കെ.രാമചന്ദ്രൻ നായർ | മറുപടി<br>ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |
|---|---|
| (എ) രോഗികൾക്ക് ഡോക്ടർമാർ എഴുതിക്കൊടുക്കുന്ന നിർദ്ദേശങ്ങൾ, മരുന്നുകൾ സംബന്ധിച്ച വിവരങ്ങൾ എന്നിവ വ്യക്തമായി എഴുതിക്കൊടുക്കുന്നതിന് എന്തെങ്കിലും നിർദ്ദേശങ്ങൾ നിലവിലുണ്ടോ;<br><br>(ബി) പ്രസ്തുത കുറിപ്പടികൾ ഇംഗ്ലീഷിലെ വലിയ അക്ഷരങ്ങളിൽ എഴുതി നൽകുവാൻ നിർദ്ദേശിക്കുമോ; | (എ) (ബി) കുറിപ്പടികൾ ജനറിക് നാമത്തിലും വലിയ അക്ഷരത്തിലും എഴുതണമെന്ന് നിർദ്ദേശിക്കുന്ന സർക്കാർ ഉത്തരവ് നം.1895/2014/ആകുവ. തീയതി. 09.06.2014 നിലവിലുണ്ട്. |
| (സി) രോഗികൾക്ക് മനസ്സിലാവാത്ത വിധം ചികിത്സാ നിർദ്ദേശങ്ങളും മരുന്ന് സംബന്ധിച്ച വിവരങ്ങളും നൽകുന്ന ഡോക്ടർമാർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിക്കുവാൻ കഴിയുമോ എന്ന് വിശദീകരിക്കുമോ? | (സി) സർക്കാർ ഉത്തരവുകളും ചട്ടങ്ങളും, മേലധികാരികളുടെ ഉത്തരവുകളും പാലിക്കാത്ത ഉദ്യോഗസ്ഥന്മാർക്കെതിരെ നിലവിലുള്ള ചട്ടങ്ങളും നിയമങ്ങളും പ്രകാരം നടപടികൾ സ്വീകരിക്കാവുന്നതാണ്. ഗവൺമെന്റ് ഉത്തരവ് പാലിക്കാൻ ആരോഗ്യ വകുപ്പ് ഡയറക്ടർ കർശന നിർദ്ദേശം നൽകാറുണ്ട്. കൂടാതെ ജില്ലാ മെഡിക്കൽ ആഫീസർമാർ ഇത് ഉറപ്പുവരുത്താൻ എല്ലാ സ്ഥാപന മേധാവികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**